ആരെങ്കിലും (മുസ്ലിംകളുമായി) കരാറിലേർപ്പെട്ട ഒരു
അമുസ്ലിമിനെ വധിച്ചാൽ അവൻ സ്വർഗത്തിൻ്റെ സുഗന്ധം
ആസ്വദിക്കുന്നതല്ല. അതിൻ്റെ സുഗന്ധമാകട്ടെ; നാൽപ്പത്
വർഷത്തെ വഴിദൂരം അകലെ വരെ അനുഭവപ്പെടുന്നതാണ്
അബ്ദുല്ലാഹി ബ്നു അംറ് -هُْنَع هُ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "ആരെങ്കിലും
(മുസ്ലിംകളുമായി) കരാറിലേർപ്പെട്ട ഒരു അമുസ്ലിമിനെ വധിച്ചാൽ അവൻ സ്വർഗത്തിൻ്റെ
സുഗന്ധം ആസ്വദിക്കുന്നതല്ല. അതിൻ്റെ സുഗന്ധമാകട്ടെ; നാൽപ്പത് വർഷത്തെ വഴിദൂരം
അകലെ വരെ അനുഭവപ്പെടുന്നതാണ്."
[സ്വഹീഹ്] [ബുഖാരി ഉദ്ധരിച്ചത്]
മുആഹദിനെ - അമുസ്ലിംകളിൽ നിന്നും ഇസ്ലാമിക രാജ്യത്തേക്ക് കരാർ മുഖേനയോ സുരക്ഷ
വാഗ്ദാനം ചെയ്യപ്പെട്ടു കൊണ്ടോ പ്രവേശിച്ച വ്യക്തി - കൊലപ്പെടുത്തുന്നവന് കഠിനമായ
താക്കീതാണുള്ളത് എന്ന് നബി -صلى الله عليه وسلم- അറിയിക്കുന്നു. സ്വർഗത്തിൻ്റെ സുഗന്ധം പോലും അവന്
ആസ്വദിക്കാൻ കഴിയുന്നതല്ല. അതിൻ്റെ സുഗന്ധമാകട്ടെ, നാൽപ്പത് വർഷം വഴിദൂരം അകലേക്ക്
അനുഭവപ്പെടുന്നതാണ്.
https://sunnah.global/hadeeth/ml/show/64637